തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പുന:സംഘടന

226 (4850) ശ്രീ. ജോർജ് മെഴ്സിയർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പുന:സംഘടന വൈകു ന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുന:സംഘടന വൈകുന്നതുമൂലം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വികസനങ്ങൾ തടസ്സപ്പെടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ബോർഡ് പുന:സംഘടിപ്പിച്ചു കഴിഞ്ഞു.

(ബി) ഇല്ല.

(സി) ഉണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ

227 (4851) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ ക്ഷേത്ര ഉപദേശകസമിതിയുടെ ചെലവിൽ നിർവ്വ ഹിക്കുന്നതിനുള്ള ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഇതിനാവശ്യമായ തുക എപ്രകാരം കണ്ടെത്തുന്നതിനാണ് ക്ഷേത്രോപദേശക സമിതികളോടു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(സി) ബഹുഭൂരിപക്ഷം ക്ഷേത്രങ്ങളുടെയും അറ്റകുറ്റപ്പണികൾക്ക് പ്രസ്തുത ഉത്തരവ് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വാർഷിക അറ്റകുറ്റപ്പണികൾ ദേവസ്വം ബോർഡ് തന്നെ നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്ഷേത്രങ്ങളുടെ ഉത്സവത്തോടനുബന്ധിച്ചുള്ള അറ്റകുറ്റപ്പണികൾ ക്ഷേത്ര ഉപദേശക സമിതികളുടെ ചെലവിൽ നിർവ്വഹിക്കുന്നതിന് ദേവസ്വം ബോർഡിന്റെ ഉത്തരവ് നിലവിലുണ്ട്.

(ബി) ക്ഷേത്രോപദേശക സമിതികൾ ഉത്സവത്തോടനുബന്ധിച്ച് ദേവസ്വത്തിന്റെ അനുവാദത്തോടെ പണപ്പിരിവ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ക്ഷേത്രങ്ങളുടെ ആവശ്യാനുസരണമുള്ള മെയിന്റനൻസ് പണികൾ ദേവസ്വം ബോർഡു തന്നെയാണ് നിർവ്വഹിക്കുന്നത്.

ശബരിമലയിലെ മാളികപ്പുറം ക്ഷേത്രസമുച്ചയം പുതുക്കിപ്പണിയാൻ നടപടി

228 (4852) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ മാളികപ്പുറം ക്ഷേത്രസമുച്ചയം പുതുക്കി പണിയണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി ഇവിടെ ദേവസ്വം ബോർഡിന്റെ കീഴിൽ ദേവപ്രശ്നം തുടങ്ങിയ എന്തൊക്കെ ആചാരപരമായ ചടങ്ങുകൾ നടത്തുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ക്ഷേത്രം വാസ്തുവിധി പ്രകാരം പുനർനിർമ്മിക്കണമെന്ന നിർദേശം പരിഗണിച്ചിരുന്നുവോ ;

(ഡി) ഇപ്പോൾ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്ന് ഇത് സംബന്ധിച്ച വിദഗ്ധർ അഭിപ്രായപ്പെട്ടിരിക്കുന്നത് ;

(ഇ) ഈ നിർദ്ദേശങ്ങൾ ദേവസ്വം ബോർഡ് പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ ഇവ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായി പുതുതായി ദേവപ്രശ്നം നടത്തിയിട്ടില്ല. എന്നാൽ മുമ്പു നടത്തിയ ദേവപ്രശ്നങ്ങളിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

(സി) ദേവസ്വം ബോർഡ് പരിഗണിച്ചിട്ടുണ്ട്.

(ഡി&ഇ) മാളികപ്പുറത്തമ്മയ്ക്ക് പുറമേ കൊച്ചുകടുത്ത സ്വാമി, മണിമണ്ഡപം, നാഗർ, നവഗ്രഹങ്ങൾ, മലനട എന്നീ നടകൾ പല തലങ്ങളിലായി സ്ഥിതി ചെയ്യുന്നതുമൂലം ഭക്തജനങ്ങൾക്ക് എവിടെ ദർശനം തുടങ്ങി ഏതു വഴി തിരികെ പുറത്തിറങ്ങണമെന്ന് അവ്യക്തതയുണ്ടാകുന്നുവെന്നും ക്ഷേത്ര സമുച്ചയം സ്ഥിതിചെയ്യുന്ന സ്ഥലത്ത് വാസ്തു അനുസരിച്ചല്ലാതെ ഷെഡ്ഡുകളും കെട്ടിടങ്ങളും നിലകൊള്ളുന്നതിനാൽ ആവശ്യമായ സ്ഥല സൗകര്യം ലഭ്യമല്ലെന്നും അതിനാൽ മാളികപ്പുറം ഭാഗത്ത് ഭക്തരുടെ തിക്കും തിരക്കും അനുഭവപ്പെടാറുണ്ടെന്നും ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവ പരിഹരിക്കുന്നതിന് ബോർഡിന്റെ താല്പര്യപ്രകാരം കാണിപ്പയ്യൂർ ശ്രീകൃഷ്ണൻ നമ്പൂതിരിപ്പാട്, ശബരിമല, മാളികപ്പുറം എന്നിവിടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly